# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 05-03-2012

## നാഷണൽ അച്ചീവ്മെന്റ് സർവ്വേ-
## അധ്യാപകർ സഹകരിക്കില്ല

**കെ.എസ്.ടി.എ**

എട്ടാം ക്ലാസിലെ കുട്ടികളുടെ നിലവാരം അളക്കാനുദ്ദേശിച്ചുള്ള നാഷണൽ അച്ചീവ്മെന്റ് സർവേയ്ക്ക് പിന്നിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഇകഴ്ത്തിക്കാണിക്കാനുള്ള ഗൂഢാലോചന നടന്നുവെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആരോപിച്ചു. കേരള സിലബസ് കൂടി പരിഗണിച്ചുകൊള്ളള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി സർവ്വേ പുനക്രമീകരിച്ചില്ലെങ്കിൽ അതുമായി അധ്യാപകർ സഹകരിക്കില്ലെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി അറിയിച്ചു.

കണക്ക്, സയൻസ്, സാമൂഹ്യശാസ്ത്രം, ഭാഷ എന്നീ വിഷയങ്ങളിലാണ് തൊരഞ്ഞെടുക്കപ്പെട്ട 250 സ്കൂളുകളിലാണ് സർവ്വേയുടെ ഭാഗമായി പരീക്ഷ നടത്തുന്നത്. ഓരോ സംസ്ഥാനത്തെയും സിലബസ്കൂടി പരിഗണിച്ചാണ് നാഷണൽ അസസ്മെന്റ് സർവേയ്ക്കുള്ള ചോദ്യാവലി തയ്യാറാക്കിയിരുന്നത്. ഇപ്പോഴത്തെ സർവേയിൽ ഇത് ഒഴിവാക്കിയതിനു പിന്നിൽ സി ബി എസ് ഇ സ്കൂളുകളുടെ വക്താക്കളായ ചിലരുടെ ഒത്താശയുള്ളതായി അറിയുന്നു. കഴിഞ്ഞ വർഷങ്ങളിലെ സർവ്വേയിൽ ദേശീയതലത്തിൽ മുന്നിൽ നിന്ന കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ മനപൂർവ്വം തരംതാഴ്ത്താനുള്ള ശ്രമമാണ് ഇതിന് പിന്നിൽ. ഇത് സംബന്ധിച്ച് എം എച്ച് ആർ ഡിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ചേർന്ന യോഗത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഇടപെടലിനെ തുടർന്ന് സംസ്ഥാനങ്ങളുടെ സിലബസുകൂടി പരിഗണിച്ചുകൊ് സർവ്വേയ്ക്കാവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കാൻ തീരുമാനിച്ചതാണ്. ഇക്കാര്യം ബോധ്യമുള്ള എസ് സി ഇ ആർ ടിയാണ് സി ബി എസ് ഇ സിലബസ് അനുസരിച്ച് തയ്യാറാക്കിയ ചോദ്യങ്ങളനുസരിച്ച് ഈ പരിക്ഷ നടത്തുന്നത്. സാമൂഹ്യശാസ്ത്രത്തിലെ 60 ചോദ്യങ്ങളിൽ 32 എണ്ണവും സിലബസിലുള്ളതല്ല. കണക്കിലെ 6-0.ഉം ബയോളജിയിലെ 15-0 ചോദ്യങ്ങളും ഐ സി എസ് ഇ സിലബസിലെ പാഠപുസ്തകങ്ങളിലുള്ളതാണ്.

സർവ്വേ അടിയന്തിരമായി നിർത്തിവെക്കണമെന്നും കേരള സിലബസുകൂടി പരിഗണിച്ചുകൊള്ളള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി സർവ്വേ നടത്താൻ തയ്യാറായില്ലെങ്കിൽ അതുമായി സഹകരിക്കില്ലെന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ പ്രസ്താവിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി